**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3531** **14-07-2022 - ല്‍ മറുപടിയ്ക്ക്**

**സ്മാര്‍ട്ട് അങ്കണവാടി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുണ്‍ കുമാര്‍ | | ശ്രീമതി വീണാ ജോര്‍ജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ അങ്കണവാടികളും സ്മാര്‍ട്ടാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | **(എ)** സംസ്ഥാനത്ത് വാടക കെട്ടിടത്തില്‍ പ്രവര്‍ത്തിക്കുന്നതും കെട്ടിടം നിര്‍മ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടുള്ളതുമായ അങ്കണവാടികള്‍ക്ക് സ്മാര്‍ട്ട് അങ്കണവാടി കെട്ടിടങ്ങള്‍ നിര്‍മ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് നിര്‍മ്മിക്കുവാന്‍ ഉദ്ദേശിക്കുന്ന അങ്കണവാടികള്‍ക്ക് ഒരു ഏകീകൃത മോഡല്‍ വേണമെന്ന സര്‍ക്കാര്‍ നിര്‍ദ്ദേശത്തിന്റെ അടിസ്ഥാനത്തില്‍ 2019-20 ല്‍ സ്മാര്‍ട്ട് അങ്കണവാടി കെട്ടിട നിര്‍മ്മാണ പദ്ധതി ആരംഭിക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം കെട്ടിട നിര്‍മ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് (10, 7.5, 5, 3, 3 (slopping terrain), 1.25 cent) അനുസരിച്ച് 6 വ്യത്യസ്ത പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോര്‍ റൂം, ഇന്‍ഡോര്‍ ഔട്ട്ഡോര്‍ പ്ലേ ഏരിയ, വിവിധ ആവശ്യങ്ങള്‍ക്കായി ഉപയോഗിക്കാനാകുന്ന ഹാള്‍, പൂന്തോട്ടം തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും ഉറപ്പുവരുത്തിയാണ് സ്മാര്‍ട്ട് അങ്കണവാടി രൂപകല്പന ചെയ്തിട്ടുള്ളത്. കുട്ടികള്‍ക്കായി പ്രീസ്കൂള്‍ ആക്ടിവിറ്റി മെറ്റീരിയല്‍സ്, സ്മാര്‍ട്ട് ടി. വി, മ്യൂസിക് സിസ്റ്റം, ന്യൂട്രിഗാര്‍ഡന്‍, കുട്ടികള്‍ വീഴുമ്പോള്‍ പരിക്ക് പറ്റാതിരിക്കാന്‍ ക്ലാസ് റൂമിനുള്ളില്‍ സോഫ്റ്റ് മാറ്റ്, ഔട്ട്ഡോര്‍ പ്ലേ ഏര്യയില്‍ ഗ്രാസ്സ്മാറ്റ്, ചുമര്‍ ചിത്രങ്ങള്‍ അഡോളസെന്റ് കുട്ടികള്‍ക്കായി ലൈബ്രറി, മാനസിക ശാരീരിക വികാസത്തിനായി ആവശ്യമായ സജ്ജീകരണങ്ങള്‍ എന്നിവ സ്മാര്‍ട്ട് അങ്കണവാടികളില്‍ ഒരുക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം കെട്ടിട നിര്‍മ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് ആനുപാതികമായി ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ